പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 104 — 14.06. 2012 -ലെ മറുപടിക്ക്

## സർക്കാർ അധീനതയിലുള്ള മിച്ചഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) | അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) സർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്യപ്പെടാതെയുണ്ട്; | (എ) സംസ്ഥാനത്തൊട്ടാകെ 578.36 ഹെക്ടർ മിച്ചഭൂമി സർക്കാരിന്റെ കൈവശം വിതരണം ചെയ്യപ്പെടാതെയുണ്ട് |
| (ബി) മിച്ചഭൂമി ആയതും എന്നാൽ വിവിധ കാരണങ്ങളാൽ ഏറ്റെടുക്കാൻ കഴിയാത്തതുമായ എത്ര ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്; | (ബി) കോടതി വ്യവഹാരം, നിക്ഷിപ്ത വനഭൂമി തർക്കം, അന്യകൈവശം മുതലായ കാരണങ്ങളാൽ ഏറ്റെടുക്കുവാൻ കഴിയാത്ത 6301.00 ഹെക്ടർ മിച്ചഭൂമി സംസ്ഥാനത്തൊട്ടാകെയുണ്ട്. |
| (സി) സർക്കാർ അധീനതയിലുള്ള മിച്ചഭൂമി ഭൂരഹിതരല്ലാത്ത വ്യക്തികൾക്ക് പതിച്ചു നൽകുന്നുണ്ടോ; | (സി) സർക്കാർ അധീനതയിലുള്ള മിച്ചഭൂമി, ബന്ധപ്പെട്ട ജില്ലാകളക്ടർമാർ കേരള ഭൂപരിഷ്കരണ നിയമത്തിലെ (1963) 96-ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം, വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ സ്വീകരിച്ച് ടി നിയമത്തിലെ വ്യവസ്ഥാനുസരണം അർഹരായവർക്ക് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. |

| | |
|---|---|
| (ഡി) ഇതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്; അത് പാലിക്കപ്പെടുന്നുണ്ടോ? | (ഡി) കേരള ഭൂപരിഷ്കരണ നിയമത്തിലെ 96(1)(i) വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം; സർക്കാർ ഏറ്റെടുക്കുന്ന മിച്ചഭൂമിയിൽ പൊതുകാര്യങ്ങൾക്ക് ആവശ്യമുള്ള ഭൂമി നീക്കിവച്ചശേഷം; ശേഷിക്കുന്ന മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ, അർഹതയുടെ അടിസ്ഥാനത്തിൽ അവർക്ക് മിച്ചഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. ടി നിയമത്തിലെ 96(1)(ii) വകുപ്പ് പ്രകാരം, പതിച്ചു കൊടുക്കുവാനായി അവശേഷിക്കുന്ന മിച്ചഭൂമിയുടെ 87½ ശതമാനം ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് പതിച്ചു കൊടുക്കുന്നു. (ഇതിൽ 50 ശതമാനം ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവരുമായ ഭൂരഹിതർക്ക് പതിച്ചുകൊടുക്കുന്നു.) ശേഷിക്കുന്ന 12 ½ ശതമാനം യാതൊരു ഭൂമിയും വീണ്ടെടുക്കുവാൻ അവകാശമില്ലാത്തവരും വിസ്തീർണത്തിൽ ഒരേക്കറിൽ കൂടുതൽ ഭൂമി കൈവശമില്ലാത്തവരും ആയ ചെറുകിട കൈവശക്കാർക്കും മറ്റു ജന്മികൾക്കും പതിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഇത് പാലിക്കപ്പെടുന്നുണ്ട് |

സെക്ഷൻ ഓഫീസർ